# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2263 — 05.12.2018-ൽ മറുപടിയ്ക്ക്

### ആയുർവേദ ആശുപത്രികളിൽ സിദ്ധ യൂണിറ്റുകൾ

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ -ശിശുവികസനവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആയുർവേദ ആശുപത്രികളിൽ സിദ്ധ യൂണിറ്റുകൾ ആരംഭിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണ് സിദ്ധ യൂണിറ്റുകൾ സ്ഥാപിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | സിദ്ധ യൂണിറ്റ് ഇല്ലാത്ത ജില്ലാ ആയുർവേദ ആശുപത്രികളിൽ സിദ്ധ യൂണിറ്റ് ഉൾപ്പെടെ ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. നിലവിൽ സിദ്ധ ഡിസ്പെൻസറികൾ ഇല്ലാത്ത എട്ട് ജില്ലകളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ജില്ലാ ആയുർവേദ ആശുപത്രികളോടനുബന്ധിച്ച് എട്ട് സിദ്ധ യൂണിറ്റുകൾ അനുവദിച്ചിട്ടുണ്ട്. ടി യൂണിറ്റുകളുടെ പ്രവർത്തനത്തിനായി താത്കാലിക അടിസ്ഥാനത്തിൽ ഓരോ മെഡിക്കൽ ഓഫീസറേയും ഓരോ അറ്റന്ററേയും നിയമിച്ചിട്ടുണ്ട്. ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ ഇരുപത് കിടക്കകളുള്ള വള്ളക്കടവ് സർക്കാർ സിദ്ധ ആശുപത്രിയും, നെയ്യാറ്റിൻകര സർക്കാർ ആയുർവേദ ആശുപത്രിയിലും, ഇടുക്കി ജില്ലയിലെ തൊടുപുഴ ജില്ലാ ആയുർവേദ ആശുപത്രിയിലും അറ്റാച്ച്ഡ് സിദ്ധ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. കൂടാതെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ ഓരോ സിദ്ധ ഡിസ്പെൻസറിയും വീതം മൊത്തം ഒൻപത് സിദ്ധ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തെ പദ്ധതി തുക വിനിയോഗിച്ച് താത്കാലിക അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എട്ട് ജില്ലകളിൽ ജില്ലാ ആയുർവേദ ആശുപത്രികളോടനുബന്ധിച്ച് എട്ട് സിദ്ധ യൂണിറ്റും പ്രവർത്തിച്ചു വരുന്നുണ്ട്. |
| (ബി) | ആയുർവേദ ആശുപത്രികളിൽ സിദ്ധ ചികിത്സ ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ